**<u>ഭരണഭാഷ – മാതൃഭാഷ</u>**

നം.03/ഡിപിഎഡബ്ല്യു/2026

ജില്ലാ പെർഫോർമൻസ് ഓഡിറ്റ് വിംഗ്
കളക്ടറേറ്റ്, തൃശ്ശൂർ
തീയതി: 25/04/2026
ഇ-മെയിൽ : adcpatsr@gmail.com

പ്രേഷകൻ

ജില്ലാ പെർഫോർമൻസ് ഓഡിറ്റ് വിംഗ്,
തൃശ്ശൂർ.

സ്വീകർത്താവ്

സെക്രട്ടറി
മാള ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :- പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ട് 2024-25 - മാള ബ്ലോക്ക് പഞ്ചായത്ത്- സംബന്ധിച്ച്.

മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ട് ഇതോടൊപ്പം അയയ്ക്കുന്നു. റിപ്പോർട്ട് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ച് മറുപടി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,



സെക്ഷൻ ഓഫീസർ,
ജില്ലാ പെർഫോർമൻസ് ഓഡിറ്റ്,
തൃശ്ശൂർ.

# പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ട്

# ഓഡിറ്റ് കാലഘട്ടം 2024-25

## മാള ബ്ലോക്ക് പഞ്ചായത്ത്

1. പെർഫോർമൻസ് ഓഡിറ്റ് ടീം. ഃ ജില്ലാ പെർഫോർമൻസ് ഓഡിറ്റ് വിംഗ്, തൃശ്ശൂർ
2. പെർഫോർമൻസ് ഓഡിറ്റ് ടീമംഗങ്ങൾ ഃ-
    1. ശ്രീ. മനോജ്.കെ., സെക്ഷൻ ഓഫീസർ
    2. ശ്രീ.അജേഷ്കുമാർ.എം.സി. അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ
    3. ശ്രീമതി.സാലിമോൾ.ടി.എ., സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

3. ഓഡിറ്റ് തീയതി ഃ 22/01/2026 മുതൽ 27/01/2026
4. ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി 2024-25

| ക്രമ നമ്പർ | തസ്തിക | പേര് |
|---|---|---|
| 1 | പ്രസിഡന്റ് | ശ്രീമതി. സന്ധ്യ നൈസൻ<br>ശ്രീമതി. രേഖ ഷാന്റി ജോസഫ് |
| 2 | വൈസ് പ്രസിഡന്റ് & ധനകാര്യ സ്ഥിരം സമിതി ചെയർമാൻ | ശ്രീ.ഡോമിനിക് ജോമോൻ |
| 3 | വികസനകാര്യ സ്ഥിരം സമിതി ചെയർമാൻ | ശ്രീമതി. ഷിജി യാക്കോബ് |
| 4 | ക്ഷേമകാര്യ സ്ഥിരം സമിതി ചെയർമാൻ | ശ്രീ.ജോസ് മാഞ്ഞൂരാൻ |
| 5 | ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർമാൻ | ശ്രീമതി.ബിന്ദു ഷാജു |

5. ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥർ 2024-25

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.അനി പി ചാലിൽ<br>ശ്രീ. പ്രസാദ് ടി.ആർ | സെക്രട്ടറി |
| 2 | ശ്രീമതി.റീന.ഒ.ടി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3 | ശ്രീമതി.ധന്യ ഭാഗ്യനാഥ് | |
| 4 | ശ്രീമതി.സുജിന .കെ. വി | അസിസ്റ്റന്റ് എഞ്ചിനിയർ |
| 5 | ശ്രീ, സന്ദീപ്. പി എസ് | |
| 6 | ശ്രീ.റാഷി.പി.ആർ | |
| 7 | ശ്രീ.സിജോ.പി.എസ്. | |
| 8 | ഡോ .ആശ. പി എസ്. | മെഡിക്കൽ ഓഫീസർ |
| 9 | ഡോ സാബു .കെ. എ | സീനിയർ വെറ്ററിനറി സർജ്ജൻ |
| 10 | ഡോ മഞ്ചു .വി.പി | |

| | | |
|---|---|---|
| 11 | ശ്രീമതി.സോണിയ.ആർ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 12 | ശ്രീ.ജിന്റോ പൗലോസ്. | വ്യവസായ വികസന ഓഫീസർ |
| 13 | ശ്രീ.ജൂണി ജോസ് റോഡ്രിഗസ് | ക്ഷീര വികസന ഓഫീസർ |
| 14 | ശ്രീ.ജിയോ തോമസ് | |
| 15 | ശ്രീ.സിജി വർഗ്ഗീസ് | |
| 16 | ശ്രീ.ശ്യം ശങ്കർ.എസ്. | പട്ടികജാതി വികസന ഓഫീസർ |
| 17 | ശ്രീമതി.പ്രിയ.എം.ടി. | ശിശു വികസന പദ്ധതി ഓഫീസർ |
| 18 | ശ്രീമതി. അനീസ റാണി.എസ്. | |

6. 2024-25 ലെ ബ്ലോക്ക് പഞ്ചായത്ത് സമിതി യോഗങ്ങളുടെ എണ്ണം

| സമിതി | എണ്ണം |
|---|---|
| എ. പൊതുസമിതി | 25 |
| ബി. ധനകാര്യ സ്ഥിരം സമിതി | 14 |
| സി. ക്ഷേമകാര്യ സ്ഥിരം സമിതി | 15 |
| ഡി. വികസനകാര്യ സ്ഥിരം സമിതി | 14 |
| ഇ. ആരോഗ്യ വിദ്യാഭ്യാസ കാര്യ സ്ഥിരം സമിതി | 15 |

7. 2024-25-ലെ ബ്ലോക്ക് പഞ്ചായത്ത് വരവ്-ചെലവുകൾ

| ഇനം | മുൻ ബാക്കി (രൂപ) | തനത് വർഷത്തെ വരവ് (രൂപ) | ആകെ (രൂപ) | തനത് വർഷത്തെ ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|
| 1. പ്ലാൻ ഫണ്ട്<br>എ. ജനറൽ | 0 | 22958000 | 22958000 | 20000955 | 0 |
| ബി. എസ്.സി.പി. | 0 | 13984000 | 13984000 | 12549431 | 0 |
| സി. ടി.എസ്..പി | 0 | 0 | 0 | 0 | 0 |
| 2. മെയിന്റനൻസ് ഫണ്ട് റോഡിതരം | 0 | 20499000 | 20499000 | 13931001 | 0 |
| 3. തനത് ഫണ്ട് / ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 551433 | 551433 | 263366 | 0 |
| 4.ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 16275269 | 16275269 | 6087691 | 0 |
| 5.കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 8100000 | 8100000 | 0 | 0 |
| 6.ഹെൽത്ത് ഗ്രാന്റ് | 0 | 2895000 | 2895000 | 0 | 0 |

8. 2024-25-ൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നിർവ്വഹണം നടത്തിയ പദ്ധതികൾ

| പ്ലാൻ ഫണ്ട് | സ്പിൽ ഓവർ | പുതിയത് | ആകെ | പ്രവർത്തനം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | ഭാഗികമായി പൂർത്തീകരിച്ചവ | നടക്കാത്തവ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ | 10 | 17 | 27 | 23 | 4 | 0 |
| എസ്.സി.പി | 12 | 13 | 25 | 11 | 10 | 4 |
| ടി.എസ്.പി | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 7 | 16 | 23 | 16 | 7 | 0 |
| തനത് ഫണ്ട് / ജിപിജി | 3 | 12 | 15 | 6 | 2 | 7 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 15 | 18 | 33 | 11 | 14 | 8 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2 | 3 | 5 | 0 | 2 | 3 |
| ഹെൽത്ത് ഗ്രാന്റ് | 1 | 2 | 3 | 1 | 0 | 2 |
| മറ്റുള്ളവ | 0 | 1 | 1 | 1 | 0 | 0 |
| **ആകെ** | **50** | **82** | **132** | **69** | **39** | **24** |

## ആമുഖം

മാള ബ്ലോക്ക് പഞ്ചായത്തിൽ 2024-25 വർഷം 50 സ്പിൽ ഓവർ പദ്ധതികളടക്കം 132 പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഏറ്റെടുത്തിട്ടുള്ള 46 പദ്ധതികളിൽ 13 പദ്ധതികൾക്ക് വകയിരുത്തിയ തുകയും, അസിസ്റ്റന്റ് എഞ്ചിനിയർ ഏറ്റെടുത്തിട്ടുള്ള 51 പദ്ധതികളിൽ 21 പദ്ധതികൾക്കായി വകയിരുത്തിയ തുകയും ചെലവഴിച്ചതായി കാണുന്നില്ല. കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുയോ, മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് നടപ്പുവർഷവും പദ്ധതികൾ നടപ്പിലാക്കിയതായി കാണുന്നു.

മാള ബ്ലോക്ക് പഞ്ചായത്തിൽ 2024-25 കാലഘട്ടത്തിൽ പെർഫോർമൻസ് ഓഡിറ്റ് സംഘം നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

### ഓഡിറ്റ് ഖണ്ഡിക 1/2024-25

ശിശു വികസന പദ്ധതി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ സംബന്ധിച്ച്

i. പ്രോജക്ട് നമ്പർ - 24/2025 - ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള ബ്ലോക്ക് തല കലാകായിക മത്സരങ്ങൾ

അടങ്കൽ - 2,00,000/-, ചെലവ് - 1,78,222/

18/03/2025-ലെ 554 നമ്പർ ട്രഷറി ബിൽ പ്രകാരം ചെലവഴിച്ച 31,361/- രൂപയിൽ ശ്രീമതി.ലൈല.കെ.എസ്.-ന് 600/- രൂപ കൈമാറിയിട്ടുണ്ട്. വൗച്ചറിൽ ശ്രീമതി.ലൈല.കെ.എസ്. രേഖപ്പെടുത്തിയിരിക്കുന്ന ഒപ്പും ശ്രീമതി.ലൈല.കെ.എസ്. മറ്റ് രേഖകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒപ്പും തമ്മിൽ പൊരുത്തകേടുള്ളതായി കാണുന്നു. തുക തിരിച്ചടവാക്കേണ്ടതാണ്.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പദ്ധതികൾ സംബന്ധിച്ച്

i. പ്രോജക്ട് നമ്പർ - 65/2025 - മാള കൃഷി അസിസ്റ്റന്റ് ഓഫീസിലെ കണ്ടിജൻസി ചെലവുകൾ

അടങ്കൽ - 1,50,000/-, ചെലവ് - 1,16,945/-

പദ്ധതി പ്രകാരം കൃഷി അസിസ്റ്റന്റ് ഓഫീസിലേക്ക് 3 Steel Cupboard-കൾ വാങ്ങിയിട്ടുണ്ട്. ബില്ലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. Invoice No. BOS24-00134 dated 11/03/2025 – Rs. 14,800/-
2. Invoice No. BOS24-00135 dated 11/03/2025 – Rs. 14,500/-
3. Invoice No. BOS24-00136 dated 11/03/2025 – Rs. 11,100/-

ക്വട്ടേഷൻ നടപടികൾ ഒഴിവാക്കുന്നതിനായി 11/03/2025 തീയതിയിൽ Samrata Steel Industries എന്ന സ്ഥാപനത്തിൽ നിന്നും 3 ബില്ലുകളാക്കി 40,400/- രൂപയുടെ വാങ്ങലുകൾ നടത്തിയത് ശരിയായ നടപടിയല്ല. സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കാതെ വാങ്ങലുകൾ നടത്തിയതിന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കൂടാതെ 24/03/2025-ലെ 616 നമ്പർ ട്രഷറി ബിൽ പ്രകാരം വിനിയോഗിച്ച 30,431/- രൂപയിൽ ബിൽ നം.12 തീയതി 22/03/2025 - 380/- രൂപയും, ബിൽ നം.13 തീയതി 24/03/2025 - 380/- രൂപയും ചെലവഴിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.. ബില്ലുകൾ / വൗച്ചറുകൾ ഫയലിൽ ലഭ്യമല്ല.

ii. പ്രോജക്ട് നമ്പർ - 132/2025 - സുഫലം - എസ്.സി. വനിതകൾക്ക് കാർഷിക ഉത്പാദന മൂല്യവർദ്ധിത ശൃംഖല രൂപീകരിക്കൽ

അടങ്കൽ - 11,44,000/-, ചെലവ് - 5,72,000/-

സബ്സിഡി മാർഗ്ഗരേഖയിലെ 6.1.9(എ (29) പ്രകാരം 'സുഫലം' പദ്ധതി പോഷക മൂല്യമുള്ളതും വാണിജ്യ വ്യാവസായിക മൂല്യമുള്ളതുമായ എല്ലാ കാർഷിക വിളകളും ഉല്പാദിപ്പിക്കാനും അവ മൂല്യവർദ്ധിത ഉല്പന്നമാക്കാനും വിപണം നടത്തുന്നതിനുമുള്ള പദ്ധതികൾക്ക് സബ്സിഡി അനുവദിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ / ഗ്രൂപ്പുകളാണോ എന്നത് സംബന്ധിച്ച് ഫയലിൽ വ്യക്തമല്ല. യൂണിറ്റ് കോസ്റ്റും സബ്സിഡി നിരക്കും ജില്ലാ തലത്തിൽ നിശ്ചയിക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

പദ്ധതിക്കായി ലഭിച്ച 3 അപേക്ഷകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

1. ശ്രീ.മണി ഗംഗൻ, കണ്ടൽകോരൻ, പാറകാട്ട്പറമ്പിൽ വീട്, കൂണ്ടൂർ - ഹാജരാക്കിയിട്ടുള്ള ബിൽ തുക 61,930/-.
2. ശ്രീമതി. ഷൈലജ രവി, നന്തിരി വീട്ടിൽ, വെളുത്തായി - ബിൽ തുക 66,100/- രൂപ.
3. ശ്രീമതി.ബിന്ദു സുബ്രൻ, സുബ്രൻ, പയ്യപ്പിള്ളി വീട്, മടത്തുംപടി.പി.ഒ. - ബിൽ തുക 71,300/- രൂപ.

മേൽ 3 യൂണിറ്റുകൾക്ക് യഥാക്രമം 30,000/-, 31500/-, 37,000/- എന്നിങ്ങനെ ആകെ 98,500/- രൂപ സബ്സിഡിയായി പാസാക്കിയിട്ടുണ്ട്. 22/03/2025-ലെ 587 നമ്പർ ട്രഷറി ബിൽ പ്രകാരം 4,42,200/- രൂപയും 24/01/2025-ലെ 389 നമ്പർ ട്രഷറി ബിൽ പ്രകാരം 4,800/- രൂപയും Mahila Rice Producers Company Limited-നും, 1,25,000/- രൂപ The Labour Co-operative Society, Mattathur-നും അനുവദിച്ചിട്ടുണ്ട്.

ലഭ്യമായ മേൽ പരാമർശിച്ച 3 അപേക്ഷകൾ പ്രകാരം ആകെ 98,500/- രൂപ മാത്രമേ വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. പദ്ധതി പ്രകാരം 5,72,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ബാക്കിയുള്ള 4,73,500/- രൂപയുടെ സബ്സിഡി അനുവദിച്ചിട്ടുള്ളത് ഏതെല്ലാം ഗുണഭോക്താക്കൾക്കാണെന്നുള്ളത് വ്യക്തമല്ല.

ഫയൽ പരിശോധിച്ചതിൽ 8,22,830/- രൂപയുടെ ബിൽ/വൗച്ചറുകൾ ലഭ്യമായിട്ടുള്ളത്. അതുപ്രകാരം അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക (50 ശതമാനം) 4,11,415/- രൂപയാണ്. പദ്ധതിക്കായി 5,72,200/- രൂപ വിനിയോഗിച്ചിട്ടുണ്ട്. അധികമായി 1,60,585/- (5,72,200/- - 4,11,415/-) രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയതിന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികമായി വിനിയോഗിച്ച തുക ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് ഖണ്ഡിക 3/2024-25**

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ - 85/2025 - മാള കെ.കരുണാകരൻ സ്മാരക സി.എച്ച്.സി. ഫർണീച്ചർ വാങ്ങൽ
അടങ്കൽ - 10,00,000/-, ചെലവ് - 8,66,157/-

18/03/2025-ലെ 555 നമ്പർ ട്രഷറി ബിൽ പ്രകാരം 64,014/- രൂപ Crash Cart – 3 Nos. ലഭ്യമാക്കുന്നതിനായി കെ.എം.എസ്.സി.എൽ.ന് കൈമാറിയിട്ടുണ്ട്. നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് ഖണ്ഡിക 4/2024-25**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികൾ

i. പ്രോജക്ട് നമ്പർ - 116/2025 എബിസി പ്രോഗ്രാം - അനുബന്ധ സൗകര്യമൊരുക്കൽ
അടങ്കൽ - 34,22,183/-, ചെലവ് 29,02,348/-

തെരുനായ്ക്കളെ പാർപ്പിച്ച് വന്ധീകരിക്കുന്നതും ചികിത്സ നടത്തുന്നതിനും മറ്റുമായി മാള, ചാലക്കുടി ബ്ലോക്ക് പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്ത് പരിധിക്കുള്ളിലുള്ള ഗ്രാമപ

ഞ്ചായത്തുകളും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. നിലവിൽ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ച കേന്ദ്രത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ii. പ്രോജക്ട് നമ്പർ - 117/2025- മാള ബ്ലോക്ക് പഞ്ചായത്ത് 2023-24 - മാള സി.എച്ച്.സി പുനരുദ്ധാരണം.
അടങ്കൽ - 50,00,000/-, ചെലവ് 23,81,073/-

2023-24 സാമ്പത്തിക വർഷം .74/2024 നമ്പറായി ആരംഭിച്ച പദ്ധതിയാണിത്. 01/03/2024-ലെ എഗ്രിമെന്റ് നം.03/2023-24/എഇഇ/മാളബിപി നമ്പർ എഗ്രിമെന്റ് പ്രകാരം പദ്ധതി പ്രദേശം കരാറുകാരന് വിട്ടു നൽകി. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി 6 മാസം ആണ്. എസ്റ്റിമേറ്റ് പ്രകാരം മുറ്റം ഇന്റർലോക്ക് ടൈൽ വിരിക്കൽ, ഫാർമസി എക്സ്റ്റൻഷൻ ചെയ്യുന്നതിനായി അലുമുനിയം ഫാബ്രിക്കേഷൻ, മൾട്ടിവുഡ് കബോർഡ്, പബ്ലിക്ക് ഹെൽത്ത് യൂണിറ്റിന് ഗ്ലാസ് ഡോർ, നിലവിലുള്ള ആമ്പുലൻസ് ഷെഡ്ഡ് സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് തുറന്ന് കിടക്കുന്ന ഭാഗം അടച്ച് മോർച്ചറിയായി മാറ്റി തൊട്ടടുത്ത് ട്രസ് വർക്ക് ചെയ്ത് ആമ്പുലൻസ് ഷെഡ് ഒരുക്കുന്നതിനും ഐ.പി ബ്ലോക്കിൽ ട്രസ് വർക്ക് എന്നീ പ്രവൃത്തികളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതി പ്രദേശം ഓഡിറ്റ് സംഘം 26/01/2026-ന് സന്ദർശിച്ചു.

മേൽ എഗ്രിമെന്റ് പ്രകാരം കരാറുകാരന് സൈറ്റ് 01/03/2024-ന് കൈമാറിയിട്ടുണ്ട്. എന്നാൽ ആശുപത്രി സൂപ്രണ്ടിന്റെ 02/08/2024-ലെ 564/2024 നമ്പർ കത്ത് പ്രകാരം ഡയാലസിസ് യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുകൾ ഭാഗത്ത് ഇരുമ്പ് ഷീറ്റ് ഇട്ടിരിക്കുന്നത് ജീവനക്കാരുടേയും രോഗികളുടേയും ജീവന് ഭീഷണിയിലായ അവസ്ഥയിലാണെന്നും ആയത് ഗൗരവമായി കണ്ട് ഷീറ്റ് മാറ്റിതരണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചീനീയർ 06/08/2024-ലെ 104/എഇ/മാള/2024 നമ്പർ കത്ത് പ്രകാരം ഈ പ്രവൃത്തി നിർവ്വഹിക്കാൻ കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. ഇതിൽ നിന്നും കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി ആരംഭിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. 31/08/2024-ന് പൂർത്തിയാക്കേണ്ട പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി 10/09/2025 വരെ നീട്ടി നൽകിയിട്ടുണ്ട്. പ്രവൃത്തി നീട്ടി നൽകുന്നതിന് കരാറുടമ്പടി പ്രകാരം കരാറുകാരനിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. കരാർ കാലാവധി നീട്ടി നൽകിയതിന് ഭരണസമിതിയുടെ അനുമതി നേടിയിട്ടില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയറുടെ 23/05/2025-ലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ പ്രസിഡന്റിനുള്ള കത്ത് പ്രകാരം ഈ പ്രവൃത്തിക്കായി മൂന്ന് പാർട്ട് ബില്ലുകളിലായി 23,84,073/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള 26,18,927/- രൂപക്ക് ഇനി എന്ത് പ്രവൃത്തിയാണ് നിർവ്വഹിക്കേണ്ടതെന്നും അറിയിക്കാൻ ആവശ്യപ്പെട്ടതായി കാണുന്നു. പദ്ധതിയുടെ നിർവ്വഹണ വേളയിലെ വിവിധ ഘട്ടങ്ങളിൽ പദ്ധതിയിൽ നിരവധി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 42,36,080/- രൂപയുടെ എസ്റ്റിമേറ്റാണ് ഈ പ്രവൃത്തിക്ക് വേണ്ടി തയ്യാറാക്കിയിരുന്നത്. എസ്റ്റിമേറ്റ് നിന്ന് വ്യാപകമായി വ്യതിചലിച്ചാണ് പ്രവൃത്തി നിർവ്വഹി

ച്ചിട്ടുള്ളത്. പദ്ധതി തയ്യാറാക്കുന്നതിൽ വേണ്ടത്ര കൂടിയാലോചനയും ആസൂത്രണവും ഉണ്ടായിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ പ്രവൃത്തിയുടെ ഭാഗമായി 8,47,192/- രൂപ ചെലവിൽ 911.53 സക്വയർ മീറ്റർ ഇന്റർലോക്ക് വിരിച്ചിട്ടുണ്ട്. ഇതിന് ലെറ്റർ ഓഫ് അക്സെപ്റ്റൻസ് പ്രകാരം 2 വർഷത്തെ ഡിഫക്ട് ലയബിളിറ്റി പിരീഡാണ് രേഖപ്പെടുത്തിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾക്ക് 5 വർഷം ഡിഫക്ട് ലയബിളിറ്റി പിരീഡ് ലഭിക്കേണ്ടതാണ്. 50 ലക്ഷം അടങ്കലിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിക്ക് പദ്ധതി രൂപീകരണ വേളയിലും നിർവ്വഹണ വേളയിലും വേണ്ടത്ര ജാഗ്രത ഉണ്ടായിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതാണ്.

## ഓഡിറ്റ് ഖണ്ഡിക 5/2024-25

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ പദ്ധതികൾ സംബന്ധിച്ച്

i. പ്രോജക്ട് നമ്പർ - 103/2025- മാള ബ്ലോക്ക് പഞ്ചായത്ത് 2023-24 വലിയതോട് മണ്ണ് ജല സംരംക്ഷണം - ആളൂർ ഗ്രാമപഞ്ചായത്ത്
അടങ്കൽ - 5,00,000/-, ചെലവ് - 2,59,562/

ആളൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വലിയതോടിന്റെ വശങ്ങൾ കെട്ടുന്നതിന് 2023-24 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ 43 ആയി ആരംഭിച്ച പദ്ധതിയാണിത്. അംഗീകരിച്ച കോണ്ട്രാക്ട് തുക 4,22,906/- രൂപ. 09/02/2024-ന് കരാറൊപ്പിട്ട് സൈറ്റ് കൈമാറിയ പദ്ധതി 09/08/2024-ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ 2,59,562/ രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയ ശേഷം ആറ് മാസത്തിലധികമായി സൈറ്റിൽ പ്രവൃത്തികളൊന്നും നടക്കുന്നില്ല. പ്രവൃത്തി നടത്തുന്നതിന് എതെങ്കിലും തടസ്സം നേരിടുന്ന പക്ഷം അക്കാര്യം വ്യക്തമാക്കി നിശ്ചിത സമയത്തിനകം കോൺട്രാക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതാണെന്നും ആയത് ഹിൻഡ്രൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെന്നും സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് നിഷ്ക്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ നടപടി ക്രമങ്ങൾ പാലിച്ചതായോ ഇക്കാര്യം ഭരണ സമിതിയെ ബോധിപ്പിച്ചതായോ കാണുന്നില്ല.

പദ്ധതി നീണ്ട് പോകുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കേണ്ടതും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ii. പ്രോജക്ട് നമ്പർ - 94/2025 ബ്ലോക്ക് പഞ്ചായത്ത് അനക്സ് കെട്ടിടം മെയിന്റനൻസ്
അടങ്കൽ - 5,37,496/-, ചെലവ് 2,05,110/-

2023-24 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ 126 ആയി ആരംഭിച്ച പദ്ധതിയാണിത്. 26/09/2023-ന് കരാറൊപ്പിട്ട് സൈറ്റ് കൈമാറിയ പദ്ധതി 25/05/2024-ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തികരിച്ചത് 2025 ജനുവരി മാസമാണ്.

പദ്ധതി നീണ്ട് പോകുന്നതിനുള്ള വ്യക്തമായ കാരണം കരാറുകാരൻ ബോധിപ്പിച്ചിട്ടില്ല, കംപ്ലീഷൻ സർട്ടിഫിക്കേറ്റ്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഫയലിൽ ചേർത്തിട്ടില്ല, കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല.

iii. നടപടികൾ പാലിക്കാതെ പൂർത്തീകരണ കാലാവധി നീട്ടിനൽകുന്നത് സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചില പദ്ധതികളിൽ കരാറുകാരൻ വ്യക്തമായ കാരണം ബോധിപ്പിക്കാതെ തന്നെ മൂന്ന് മാസം മുതൽ ആറ് മാസം വരെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയതായി കാണുന്നു. ഇത് ശരിയായ നടപടിയല്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എതെങ്കിലും തടസ്സം നേരിടുന്ന പക്ഷം അക്കാര്യം വ്യക്തമാക്കി നിശ്ചിത സമയത്തിനകം കോൺട്രാക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതാണ്. ഇത്തരത്തിൽ വ്യക്തമായ കാരണങ്ങൾ ബോധിപ്പിക്കാതെ പൂർത്തീകരണം നീണ്ടുപോയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നമ്പറും പേരും | പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി |
|---|---|---|
| 1 | 137/25- മാള ബ്ലോക്ക് പഞ്ചായത്ത് 2023-24 -സംഭരണ വിതരണ സംസ്കരണ കേന്ദ്രം- പുനരുദ്ധാരണം- ആളൂർ ഗ്രാമപഞ്ചായത്ത്. | 03/06/2025 (8 മാസം) |
| 2 | 111/25- വെറ്റിനറി പോളി ക്ലിനിക്ക് പുനരുദ്ധാരണം | 06/09/2024 (6 മാസം) |
| 3 | 101/25 ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം | 08/08/2024 (6 മാസം) |
| 4 | 96/25 മാള ബ്ലോക്ക് പഞ്ചായത്ത് 2023-24 - മാമ്പ്ര ഭൂരഹിത കർഷക കോളനി സമഗ്രവികസനം- അന്നമനട ഗ്രാമപഞ്ചായത്ത്. | 10/07/2024 (8 മാസം) |

മേൽ പദ്ധതികൾ പൂർത്തീകരിച്ച തീയതിയും പൂർത്തീകരണ കാലാവധി നീണ്ട് പോയതിനുള്ള കാരണവും നടപടിക്രമങ്ങൾ പാലിക്കാത്തതുസംബന്ധിച്ചും നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് ഖണ്ഡിക 6/2024-25**

**സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ സംബന്ധിച്ച്**

**i.** പ്രോജക്ട് നമ്പർ - 131/2025- ഘടക സ്ഥാപനങ്ങൾക്ക് ശുചിത്വ സംവിധാനം ഏർപ്പെടുത്തൽ

അടങ്കൽ - 4,40,897/-, ചെലവ് - 2,44,000/-

മേൽ പദ്ധതി പ്രകാരം അക്രഡിറ്റഡ് ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനെ മാള, കെ.കരുണാകരൻ സ്മാരക ആശുപത്രിയിൽ ഗ്യാസിഫൈയർ സ്ഥാപിക്കുന്നതിന് ചുമതലപ്പെടുത്തുകയും

19/11/2024-ലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമം നം.2956/2024 പ്രകാരം 2,44,000/- രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്.

പദ്ധതി പ്രദേശം ഓഡിറ്റ് സംഘം 26/01/2026-ന് സന്ദർശിച്ചു. ഗ്യാസിഫൈയർ സ്ഥാപിച്ചതായി കാണുന്നുണ്ടെങ്കിലും ആയത് പ്രവർത്തന രഹിതമാണ്. 22/03/2024-ലെ ജിഎസ്ടി/742/23-24 ഇൻവോയ്സ് പ്രകാരം ലഭ്യമായ ഗ്യാസിഫൈയർ തുരുമ്പെടുത്ത തായി ആശുപത്രി സൂപ്രണ്ടിന്റെ 18/12/2024-ലെ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 31/12/2024-ന് കേരള അഗ്രോ ഇൻഡ സ്ട്രീസ് കോർപ്പറേഷന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. നാളിതു വരെ തുടർനടപടികൾ ഉണ്ടായതായി കാണുന്നില്ല.

2,44,000/- രൂപ ചെലവഴിച്ച് 2024 നവംബർ മാസം സ്ഥാപിച്ചിട്ടുള്ള ഗ്യാസിഫൈയർ 2024 ഡിസംബർ മാസം മുതൽ പ്രവർത്തന രഹിതമാണ്. ആശുപത്രി അധികൃതരുമായി സംസാരിച്ചതിൽ ഗ്യാസിഫൈയർ പ്രവർത്തിപ്പിച്ച ഘട്ടത്തിൽ ആശുപത്രിയും പരിസര പ്രദേശത്തും പുകമൂലം ബുദ്ധിമുട്ട് നേരിട്ടതായി അറിയിച്ചു. ഡെപ്പോസിറ്റ് പ്രവൃത്തി കൾക്ക് തുക അനുവദിക്കുന്നതിന് മുമ്പ് കരാറിൽ ഏർപ്പെടേണ്ടതാണെന്ന് നിഷ്കർഷിച്ചി ട്ടുണ്ട് എന്നാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും നിർവ്വഹണ ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡും തമ്മിൽ കരാറിലേർപ്പെട്ടിട്ടില്ല. 2,44,000/- രൂപ ചെലഴിച്ച പദ്ധതി ഉപയോഗശൂന്യമായി കിടക്കുന്നത് പൊതുപണത്തിന്റെ ദുർവ്യയമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതാണ്.

ii. പ്രോജക്ട് നമ്പർ - 70/2025- ഘടക് സ്ഥാപനങ്ങളിൽ മലിനജല സംസ്കരണ സംവിധാനം സ്ഥാപിക്കൽ
അടങ്കൽ - 30,00,000/-, ചെലവ് -4,50,000/-

ഗ്രേവാട്ടർ ട്രീറ്റ്മെന്റ് സ്ഥാപിക്കുന്നതിന് കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനി റ്റേഷൻ ഏജൻസി എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 25/03/2025ന് 4,50,000 രൂപ കൈമാറിയിട്ടുണ്ട്. പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് ഖണ്ഡിക 7/2024-25**

**വാടക കുടിശ്ശിക/ വാടക രജിസ്റ്റർ സംബന്ധിച്ച്**

i. മാള ബ്ലോക്ക് പഞ്ചായത്തിലെ വാടക രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്റ റിൽ 2025 എപ്രിൽ മുതൽ നടത്തിയിട്ടുള്ള എൻട്രികൾ പൂർണ്ണമല്ല. എൻട്രികൾ പൂർത്തിയാക്കി വാടക അടവാക്കാനുള്ളവർക്ക് കരാർ പ്രകാരമുള്ള സമയത്തിനും നോട്ടീസ് നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ii. ആളൂർ കാർഷിക സംഭംരണ കേന്ദ്രം വാടക അടവാക്കാത്തത് സംബന്ധിച്ച്

മാള ബ്ലോക്ക് പഞ്ചായത്തിന്റെ 03/02/2024 സാധാരണ മീറ്റിംഗ് 2(1) തീരുമാന പ്രകാരവും ആളൂർ ,സഹകരണ ബാങ്ക് (ക്ലിപ്തം നം.693) സെക്രട്ടിയും മാള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ഒപ്പിട്ട 15/03/2024 തീയതിയിലെ കരാർ പ്രകാരവും മാള ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആളൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 7/356എ നമ്പർ കെട്ടിടവും കെട്ടിടത്തോട് ചേർന്ന 9.40 ആർ വളപ്പോട് കൂടിയ ഭൂമിയുടെ സകല ഭാഗവും നിലവിൽ നടന്ന് വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറക്ക് രേഖമൂലം ആളൂർ ,സഹകരണ ബാങ്കിന് 15 വർഷ കാലാവധിക്ക് പാട്ടത്തിന് കൈമാറേണ്ടതാണ്. കെട്ടിടവും സ്ഥലവും ബാങ്കിന് കൈമാറുന്ന തീയതി മുതൽ ആദ്യ 6 മാസത്തേക്ക് പാട്ട രഹിതമായും തുടർന്ന് പ്രതിമാസം 16471/ രൂപയും നികുതിയും 5 ശതമാനം വാർഷിക വർദ്ധനവും വരുത്തി ബ്ലോക്കിന് അടവാക്കേണ്ടതാണ്. വാടക രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ ഓഡിറ്റ് കാലയളവ് വരെ മേൽ സ്ഥാപനത്തിൽ നിന്ന് വാടക ഈടാക്കുകയോ പാട്ടകരാറിൽ പറഞ്ഞിട്ടുള്ള പ്രകാരം രേഖാമൂലം കെട്ടിടവും സ്ഥവും ബാങ്കിന് കൈമാറിയതായോ കാണുന്നില്ല.

15/03/2024-ലെ കരാർ വ്യവസ്ഥകൾ പ്രകാരം സൊസൈറ്റിക്ക് പാട്ടത്തിന് അനുവദിച്ച ഭൂമിയിൽ പ്രോജക്ട് നം.36/2024 പ്രകാരം 20,00,000/- രൂപ എസ്.സി ഫണ്ട് വിനിയോഗിച്ച് സംരംഭണ വിതരണ സംസ്കരണ കേന്ദ്രം പുനരുദ്ധാരണം എന്ന ഒരു പദ്ധതി കൂടി വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. 15/03/2024-ലെ കരാർ പ്രകാരം സൊസൈറ്റിക്ക് പാട്ടത്തിന് അനുവദിച്ച ഭൂമിയിൽ 05/08/2024-ൽ സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതും 04/10/2024-ലെ എഗ്രിമെന്റ് നം.2/2024-25/എഇ/മാളബ്ലോക്ക് പ്രകാരവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്.

പാട്ടക്കരാർ വ്യവസ്ഥക്ക് അനുസൃതമായി കെട്ടിടവും സ്ഥലവും രേഖാമൂലം പാട്ടത്തിന് വിട്ട് നൽകാതെയും അർഹതപ്പെട്ട വാടക നാളിതുവരെ ഈടാക്കാതെയും ബ്ലോക്ക് പഞ്ചായത്തിന് തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നതോടൊപ്പം വാടക കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പാട്ടത്തിന് നൽകിയ ഭൂമിയിൽ 20,00,000/ രൂപ അടങ്കലിൽ മറ്റൊരു നിർമ്മാണ പ്രവൃത്തി കൂടി നിർവ്വഹിച്ചത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരണം നൽകേണ്ടതാണ്.

**ഓഡിറ്റ് ഖണ്ഡിക 8/2024-25**

## ലോഗ് ബുക്ക് പരിശോധന സംബന്ധിച്ച്

1. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഉപയോഗിക്കുന്ന വാഹനത്തിന്റെ ഇന്ധനക്ഷമതാ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇന്ധനം നിറച്ച രേഖപ്പെടുത്തലുകൾ ജിഇഒ/സെക്രട്ടറി പരിശോധിച്ച് ഒപ്പ് വച്ചിട്ടില്ല. 2024 ഡിസംബർ മാസത്തിൽ ഇന്ധനം നിറച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. 26/03/2025-ന് ശേഷം ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ ഒന്നുംതന്നെ വരുത്തിയിട്ടില്ല.
2. മാള ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗത്തിലുള്ള KL 64B 311 നമ്പർ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.



സെക്ഷൻ ഓഫീസർ
ജില്ലാ പെർഫോർമൻസ് ഓഡിറ്റ് വിംഗ്,
തൃശ്ശൂർ

പകർപ്പ്:- പ്രസിഡന്റ്, സെക്രട്ടറി, നിർവ്വഹണോദ്യോഗസ്ഥർ
മാള ബ്ലോക്ക് പഞ്ചായത്ത്